സെക്രട്ടറി ജില്ലാ കളക്ടർമാർക്ക് അയച്ചത്. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഒന്നിച്ച് ജയിലിൽ കിടന്ന എം.എൽ.എ.മാരുടെ രേഖകിട്ടാൻ സാദ്ധ്യമല്ലെന്ന്. അത്തരം സന്ദർഭങ്ങളിൽ അഡൈസറി കമ്മിറ്റിക്ക് ബോദ്ധ്യമായ രീതിയിൽ റിപ്പോർട്ടുചെയ്യണം. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഗവൺമെന്റ് റെക്കമെന്റ് ചെയ്യണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അത് ഗവൺമെന്റ് ചെയ്തിട്ടില്ല. അതാണ് തടസ്സം.

ശ്രീ. കെ. കരുണാകരൻ: ജില്ലാകമ്മിറ്റി റെക്കമെന്റ് ചെയ്യുന്ന കാരണങ്ങൾ രേഖപ്പെടുത്തണമെന്നുണ്ട്. അങ്ങനെ രേഖപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് അതു സംബന്ധമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) കൂത്തുപറമ്പ്—ചെറുവാഞ്ചേരി, വാരപ്പീടിക—മഞ്ഞാളമ്പുറം എന്നീ റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കൂത്തുപറമ്പ്—മൂരിയാട്—ചെറുവാഞ്ചേരി റോഡും വാരപ്പീടിക—മഞ്ഞാളമ്പുറം റോഡും പി.ഡബ്ലിയു.ഡി. ഏറ്റെടുത്തിട്ട് വളരെ വർഷങ്ങളായി. പക്ഷേ അവിടെ

10 a.m.] യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. ബസ്സ് ഓടുകയാണ്; വാരപ്പീടിക—മഞ്ഞാളമ്പുറം കേളകം—കണിച്ചാർ—കോളിയാട് തുടങ്ങിയവ മലമ്പ്രദേശങ്ങളുമായി ബന്ധപ്പെട്ട യാത്രാസൗകര്യങ്ങളില്ലാത്ത പ്രദേശങ്ങളാണ്. അവിടെ ഇന്ന് ബസ്സ് ഓടാത്ത സ്ഥിതിയാണ്. അതുപോലെ കൂത്തുപറമ്പ്—മൂരിയാട്—ചെറുവാഞ്ചേരി റോഡിൽ ഓടിക്കൊണ്ടിരുന്ന ബസ്സ് നിറുത്തിയിരിക്കുന്നു. പി.ഡബ്ലിയു.ഡി. ഏറ്റെടുത്തതിന്റെ ഫലമായിട്ട് ഉണ്ടാകുന്ന മറ്റൊരാപത്ത് എന്താണെന്നു വച്ചാൽ ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. എന്നീ പദ്ധതികൾകൊണ്ടോ പഞ്ചായത്തുകൾക്കോ ഈ റോഡിൻമേൽ യാതൊരു പണിയും ചെയ്യാൻ കഴിയുന്നില്ല. നാലഞ്ചുകൊല്ലക്കാലമായി പി.ഡബ്ലിയു.ഡി. ഏറ്റെടുത്തിട്ട് ഒരു വിധത്തിലുള്ള പ്രവർത്തനവും അവിടെ നടത്താതിരിക്കുകയാണ്. യാത്രാസൗകര്യം അവിടെ നിഷേധിക്കുകയാണ്. ഇത് യഥാർത്ഥത്തിൽ അവിടെയുള്ള സ്ഥിതിയാണ്. ഇതിനെല്ലാം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഒരൊറ്റ മറുപടിയേ ഉണ്ടാകൂ, പണത്തിന്റെ ദൗർലഭ്യം കൊണ്ടാണെന്ന്. വേറെ ഒരു കുഴപ്പവുമില്ലെന്ന്. ഏത് ചോദ്യം ചോദിച്ചാലും പണമില്ല, പണമില്ല എന്നു പറയുകയാണെങ്കിൽ ജനപ്രതിനിധികളായ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? ജനപ്രതിനിധികളുടെ കുറ്റം കൊണ്ടൊന്നുമല്ല ഇത് സംഭവിക്കുന്നത്. സർക്കാരിന് പണമില്ലാത്തതുകൊണ്ടാണെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് സൻമനസ്സ് കാണിക്കുമോ? 'താനൊട്ടു തിന്നുകയുമില്ല, മറ്റുള്ളവർക്ക് കൊടുക്കുകയുമില്ല' എന്നുള്ള രീതിയിലുള്ള നിലപാട് ഒന്നവസാനിപ്പിക്കണം. പി.ഡബ്ലിയു.ഡി. ഏറ്റെടുത്തിട്ടുള്ള റോഡുകളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ റോഡ് വളരെകൊല്ലങ്ങൾക്കുമുമ്പ് ഏറ്റെടുത്തതല്ല. 1981—ലാണ് ആ റോഡുകൾ ഏറ്റെടുത്തത്. അതിനുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

മെയിൻറനൻസ് വർക്കുകൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ അവ ഗതാഗത യോഗ്യമാണ്. വീണ്ടും മെയിൻറനൻസ് വർക്കുകൾ നടത്താൻ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. കൂത്തുപറമ്പ്-മൂരിയാട്-പെരുവാഞ്ചേരി റോഡിന് ഏകദേശം 8 കി.മീ. നീളം വരും. അതിനുവേണ്ടി 24 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ വാരാപ്പീടിക-മഞ്ഞാളമ്പുറം റോഡിന്റെ പത്ത് കിലോമീറ്റർ ദൂരം വരും. അതിന് 49 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ രണ്ട് റോഡുകൾക്കുംകൂടി ഇക്കൊല്ലത്തെ ബഡ്ജറ്റിൽ നൂറു രൂപ വീതമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുകൊണ്ട് ശരിയായ പരിഷ്ക്കാരം നടത്തി വർക്ക് ചെയ്യാൻ നിവൃത്തിയില്ല. അടിയന്തിരമായി മെയിൻറനൻസ് വർക്കുകൾ നടത്തി ഗതാഗതയോഗ്യമാക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങൾ ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ കൊള്ളിച്ചതിനുശേഷം നടപ്പിൽ വരുത്തുന്നതാണ്.

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: മെയിൻറനൻസ് വർക്കിൽ രണ്ടു കിലോമീറ്ററിനകത്തു വരുന്ന റോഡുകൾ ടാർ ചെയ്യാനുള്ള ഒരു സ്കീമുണ്ടല്ലോ. അതിലെങ്കിലും ഈ രണ്ട് റോഡുകളുടേയും വർക്ക് നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഇത് പി.ഡബ്ലിയു.ഡി.യുടെ കീഴിൽ വരുന്ന വർക്കല്ല. നേരത്തെ പറഞ്ഞു, ആർ.എൽ.ഇ.ജി.പി. എൻ.ആർ.ഇ.പി. തുടങ്ങിയ സ്കീമിൽ വരുന്ന വർക്കുകളാണ്.

IV റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ 17–ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) 1985–ലെ ഭൂമിവിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, 1985–ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985–ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബില്ലും ഞാൻ സമർപ്പിക്കുന്നു.

V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 17–ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ): ഞാൻ അതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly